# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2813   02.04.2013- ൽ മറുപടിക്ക്**

**പ്രകൃതി ദുരന്ത പട്ടികയുടെ വിപുലീകരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | നിലവിലുള്ള മാനദണ്ഡമനുസരിച്ച് പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഇടിമിന്നൽ, കടലാക്രമണം എന്നിവ മൂലമുണ്ടാകുന്ന അപകടങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; | | എ), ബി & സി)<br><br>ഇടി-മിന്നൽ, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ കേന്ദ്ര സർക്കാരിന്റെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്ന പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഇതു വരെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇടി-മിന്നൽ, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാകുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ ധനസഹായം നിലവിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇടി-മിന്നൽ, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാകുന്നവർക്ക് നിലവിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | ഇത്തരത്തിലുണ്ടാകുന്ന ദുരന്തങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവു വരുത്തി പ്രകൃതി ദുരന്തങ്ങളുടെ പട്ടിക വിപുലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ